# ബൈബിളിലെ സംഗീതോപകരണങ്ങൾ
## പി.തോമസ്, പിറവം

യിസ്രായേല്യരുടെ ആരാധനയിലും ആഘോഷങ്ങളിലും വിലാപങ്ങളിലും പലപ്പോഴും ഉപകരണസംഗീതം അകമ്പടിയായുണ്ടായിരുന്നു. പുരോഹിതരുടെ സഹായികളായ ലേവ്യർ സംഗീതജ്ഞരായിരുന്നു (1 ദിന. 15:16, 16:42). സംഗീതക്കാരെയും സംഗീതക്കാരികളെയും സഭാ. 2:8–ൽ കാണുന്നു. 'വീണ കൊണ്ടു സ്തുതിക്കും; കിന്നരം കൊണ്ടു സ്തുതി പാടും' (സങ്കീ. 71:22) എന്നതിൽ നിന്ന് മനുഷ്യശബ്ദംകൊണ്ടു മാത്രമല്ല, വാദ്യോപകരണംകൊണ്ടും ദൈവത്തെ സ്തുതിക്കാമെന്ന് വ്യക്തമാണല്ലോ (സങ്കീ. 43:4; 33:2). പ്രവചനം നടത്തുന്നത് വാദ്യങ്ങളുടെ അകമ്പടിയോടെയായിരുന്നു (1 ദിന. 25:1, 3). യെരുശലേംദേവാലയവും മതിലും അറ്റകുറ്റം തീർത്ത് പുരോഹിതർ കാഹളനാദത്തോടും (sound of trumpet) ലേവ്യർ കൈത്താളങ്ങളോടും (cymbals) കൂടി പാട്ടു പാടി. (എസ്രാ. 3:10,11; നെഹ. 12:24,45,46). യിസ്രായേല്യരുടെ ആരാധനയിൽ സംഗീതവും സംഗീതോപകരണങ്ങളും ഉണ്ടായിരുന്നു. ആരാധനസംഗീതത്തിന് യിസ്രായേലിൽ 'സംഗീതപ്രമാണി'യെ കാണാം. സംഗീതവിഭാഗം (Choir) ഉണ്ടായിരുന്നതുകൊണ്ടാണല്ലോ സംഗീതപ്രമാണിയും (Choir master) ഉണ്ടായത്. യഹൂദാരാധനയുടെ ചുവടുപിടിച്ച് ആരാധന രൂപപ്പെടുത്തിയ ആദിമക്രൈസ്തവരും ആരാധനയിൽ സംഗീതവും സംഗീതോപകരണങ്ങളും ഉൾപ്പെടുത്തി. പാശ്ചാത്യ ശാസ്ത്രീയസംഗീതത്തിൽ സഭാസംഗീതത്തിന്റെ സംഭാവന ഗണനീയമാണ്. ഭാരതീയ ശാസ്ത്രീയസംഗീതവും ഈശ്വരാരാധനയ്ക്കായി ചിട്ടപ്പെടുത്തിയതായി കാണാം. വാദ്യോപകരണങ്ങൾ യഹൂദദേവാലയത്തിലെന്നപോലെ കുലീനഭവനങ്ങളിലും ജനപ്രിയമായിരുന്നു.

യിസ്രായേല്യരുടെ ദൈവസ്തുതിയിൽ നൃത്തം ഉണ്ടായിരുന്നു. ഉദാ. സങ്കീ. 87:7; 149:3 150:4; 1 ശമു. 18:6, 7; 2 ശമു. 6:5; 1 ദിന. 13:8 (making merry. rsv.). പുറ. 15:20; സങ്കീ. 149:3; 150:4 ഭാഗത്തു കാണുന്ന നൃത്തം (ഹീബ്രു Machol) വൃത്താകൃതിയിൽ ചുറ്റിത്തിരിയുന്ന ഒരു നൃത്തരൂപമാണ്.

അലാമോത്ത് (കന്യകമാർ സങ്കീ. 46) ശെമീനീത്ത് (അഷ്ടമരാഗം സങ്കീ.6) എന്നിവ രാഗങ്ങളുടെ പേരുകളാണ്. (1 ദിന. 15:20, 21). രാഗം എന്നത് സംഗീതസ്വരങ്ങൾ ഒരു പ്രത്യേക ക്രമത്തിൽ ചിട്ടപ്പെടുത്തുന്നതാണല്ലോ. അലാമോത്ത് സംഗീതശാസ്ത്രപദമാണ്. ഗായികമാരിൽ ഒരു വിഭാഗത്തെ (soprano) സൂചിപ്പിക്കുന്നതാണത്രേ. സഭാ. 2:8–ൽ സംഗീതക്കാരെയും സംഗീതക്കാരികളെയും .. മനുഷ്യരുടെ പ്രമോദമായ അനവധി സ്ത്രീജനത്തെയും... കാണുന്നു. (ഈ ഭാഗത്തിന്റെ വിവർത്തനം തീർച്ചയില്ലാത്തതാണ്. RSV നോക്കുക: ..singers, both men and women and many concubines, man`s delight. (f.n. meaning uncertain.)

ദാവീദിന്റെ ഹാർപ്പ് മിക്കവാറും ബി.സി. 2400 മുതൽ കാണപ്പെടുന്ന കിന്നരം (Lyre) ആയിരിക്കാം. പ്രാചീനകാലത്തെ ഒരുതരം ക്ലാർനറ്റ് പോലെ, ആധുനികമായ ഓബേ സമാനം, ഇരട്ട റീഡുള്ള ഉപകരണമായ കുഴൽ (പൈപ്പ്, ഫ്ളൂട്ട്) സുഷിരവാദ്യങ്ങളിൽ ഉൾപ്പെട്ടിരുന്നു. 'വാദ്യങ്ങൾ' എന്നത് പൊതുവേ സംഗീതോപകരണങ്ങളെയാണ് സൂചിപ്പിക്കുന്നത് (1 ദിന. 13:8; 15:16, 2 ദിന. 7:6; നെഹ. 12:36; സങ്കീ. 33:3). അവ ദിവ്യസംഗീതത്തിനുള്ളതാണ് (1 ദിന. 16:42). ഉച്ചനാദമുള്ള വാദ്യങ്ങൾ (2 ദിന. 30:21; സങ്കീ. 150:5. With instruments of might Heb. Singing with their might: RSV.) എന്നത് 'ഉയർന്ന ശബ്ദം' എന്നതിനെക്കാൾ സംഗീതശാസ്ത്രപരമായ 'ഉയർന്ന സ്ഥായി'യെ (Octave) ആയിരിക്കാം സൂചിപ്പിക്കുന്നത്.

യഹൂദന്മാർ സ്വരവാദ്യങ്ങളും താളവാദ്യങ്ങളും ഉപയോഗിച്ചിരുന്നു. സ്വരവാദ്യങ്ങളിൽ തന്ത്രികൾ (ലോഹക്കമ്പികളോ ചരടുകളോ) കൊണ്ടും മറ്റും സ്വരം പുറപ്പെടുവിക്കുന്നവയും കാറ്റുകൊണ്ട് സ്വരമുണ്ടാക്കുന്നവയും ഉണ്ടായിരുന്നു. (കൊത്തിനെ ശനിയാഴ്ച പ്രഭാതത്തിലെ സെദറായിൽ 'ചത്തമൃഗങ്ങളുടെ കുടലുകൾകൊണ്ട് ഉണ്ടാക്കപ്പെട്ടിട്ടുള്ള വീണയാലല്ല, പിന്നെയോ കന്യകയുടെ പുത്രനും അവതാരം ചെയ്ത ദൈവവുമായ വചനമാകുന്ന തമ്പുരാന്റെ കുരിശുകൊണ്ടാണ് നിങ്ങൾ വീണ മീട്ടിയത്' എന്നുണ്ടല്ലോ. തന്ത്രികളായി ജൈവവസ്തുക്കൾ ഉപയോഗിച്ചിരുന്നു എന്നർത്ഥം.) തന്ത്രിവാദ്യങ്ങളിൽ കിന്നരം (lyre), വീണ (harp), തംബുരു (lute), മഹലത്ത്, ഗത്ത് എന്നിവയും, കാറ്റിനാൽ നാദമുണ്ടാക്കുന്നവയിൽ വേണു (flute), കുഴൽ (pipe), നാഗസ്വരം (സുഫൊന്യാ), കാഹളം (trumpet), കൊമ്പ് (horn) എന്നിവയും ഉപയോഗിച്ചിരുന്നു.

വലിച്ചു മുറുക്കി കെട്ടിയ തുകലിലോ ലോഹത്തകിടിലോ പലകയിലോ കൈ കൊണ്ട് അല്ലെങ്കിൽ കോലു കൊണ്ട് തട്ടിയോ മുട്ടിയോ അടിച്ചോ നാദമുണ്ടാക്കുന്നവയായിരുന്നു താളവാദ്യങ്ങൾ. കുലുക്കിയും ഇളക്കിയും നാദമുണ്ടാക്കുന്ന തരം താളവാദ്യങ്ങളും ഉണ്ടായിരുന്നു. തപ്പ് (timbrel), കൈത്താളം (cymbals), മുരജം (tambourine / castanets), മണികൾ (bells) മുതലായവ ഇക്കൂട്ടത്തിൽ പെടുന്നു.

സംഗീതോപകരണങ്ങളുടെ പേരുകൾ മൂലഭാഷകളിൽനിന്ന് വിവിധ ഭാഷകളിൽ തർജ്ജമ ചെയ്തിരിക്കുന്നതിൽ വൈവിദ്ധ്യമുണ്ട്. ഒരേ വിവർത്തനത്തിൽ തന്നെയും ഒരേ പേരു തന്നെ പല തരത്തിൽ വിവർത്തനം ചെയ്യപ്പെട്ടതായി കാണാം. വിവിധ കാലഘട്ടങ്ങളിൽ ഒരേ ഭാഷയിലേക്കു തന്നെ വിവർത്തനം ചെയ്തതിലും വ്യത്യാസങ്ങൾ കാണാം. കിന്നരം, തപ്പ് എന്നീ വാക്കുകൾക്ക് എബ്രായഭാഷയിലെ പദങ്ങളുമായുള്ള സാമ്യം പഠനാർഹമാണ്. സത്യവേദപുസ്തകത്തിൽ (BSI) ഉപയോഗിച്ചിരിക്കുന്നതാണ് ഇവിടെ ആദ്യമേ സൂചിപ്പിക്കുന്നത്.

**കിന്നരം (ഹീബ്രു കിന്നോർ. Gathros) Lyre**

തന്ത്രിയുപകരണം. പഞ്ചഗ്രന്ഥങ്ങളിൽ സൂചിപ്പിക്കുന്ന ഏക ഉപകരണം. (ഉത്പ. 4:21) സിറിയായിൽ രൂപംകൊണ്ടതായിരിക്കാം. ചതുരാകൃതിയുള്ള ഇത് കൊണ്ടുനടക്കാവുന്നതായിരുന്നു. (1 ശമു. 10:5) ഒരു plectrum (മീട്ടുകോൽ) കൊണ്ടാണ് മീട്ടുന്നത്. ജോസീഫസ് പറയുന്നത് ഇതിനു പത്തു കമ്പിയുണ്ടായിരുന്നുവെന്നാണ്. എബ്രായപദം ശെമീനീത്ത് (Sheminith) സൂചിപ്പിക്കുന്നത് 8 കമ്പിയുള്ളതെന്നാണ് (1 ദിന. 15:21; സങ്കീ. 6). ആദ്യകാലത്ത് സരള മരത്തടിയിലും (Cypress) പില്ക്കാലത്ത് രക്തചന്ദനത്തടിയിലും (Almug) നിർമ്മിച്ചിരുന്നു. കിന്നരത്തിന്റെ ശബ്ദത്തിനാണ് സങ്കീ. 150:4–ൽ തന്ത്രിനാദമെന്നു പറയുന്നത്. (1 ശമു. 16:16–23, 17, 18, 23, 18:10, 19:9, 2 ശമു. 6:5, 1 ദിന. 13:8; 15:16, 21, 25:1, 3; ഇയ്യോ. 21:12; 30:31; സങ്കീ. 43:4, 49:4; 71:22, 98:5; 137:2; 147:7; 149:3, 150:3;

യെശ. 5:12; 16:11; ദാനി. 3:5, 7, 10, 15.) സങ്കീ. 92:2-ൽ ഗംഭീരസ്വരമുള്ള കിന്നരം എന്നു കാണുന്നത് ഉയർന്ന സ്ഥായിയെ സൂചിപ്പിപ്പിക്കുന്നതാകാം.

**വീണ (ഹീബ്രു നേബെൽ. ഗ്രീക്ക് പ്സാൽറ്റേറിഒൻ. *Keli*) Psaltery, Harp**

തന്ത്രിയുപകരണം. മദ്ധ്യയുഗങ്ങളിൽ ഉണ്ടായിരുന്ന പുരാതന സംഗീതോപകരണം. Phoenicia-യിൽ രൂപം കൊണ്ടതാകാം. മൂലപദം സൂചിപ്പിക്കുന്നതനുസരിച്ച് അടിഭാഗം കുടം പോലെ ഉന്തിയത് (bulged). സങ്കീ. 33:2-ലും 144:9-ലും പത്തു കമ്പിയുള്ള വീണ. Almug തടിയിലോ Cypress തടിയിലോ നിർമ്മിച്ചിരുന്നു. തന്ത്രിനാദം മെച്ച മാക്കുന്നതിനുള്ള പലകപ്പെട്ടിയുടെ മേൽ വിരൽകൊണ്ട് മീട്ടി വായിക്കുന്നതിനുള്ള കമ്പികൾ ഘടിപ്പിച്ച ഈ ഉപ കരണം കൊണ്ടുനടക്കാവുന്നതാണ്. Bass ശബ്ദം പുറപ്പെടുവിക്കുന്നു. സങ്കീർത്തനത്തിന് അകമ്പടിയായി വായി ക്കും. (ഉത്പ. 31:27; 1 ശമു. 10:5, സങ്കീ. 57:8, 71:22; 81:2, 92:2, 108:2; ദാനി. 3:5, 7, 10, 15. ആമോ. 5:23, 6:5; 1 കൊരി. 14:7; വെളി. 5:8; 14:2; 15:2.) 150:3-ൽ വീണയും കിന്നരവും (Psaltery and Harp) എന്ന് കാണുന്നു. 1 രാജാ. 10:12-ൽ ചന്ദനത്തിന്റെ കിന്നരവും വീണയും എന്നു കാണുന്നു.

**വാദിത്രം (Lute / Tambourine)**

ശ്രുതിയുപകരണം. സങ്കീ. 92:2 പ്രകാരം പത്തു കമ്പിയുള്ളത്. 2 ശമു. 6:5-ൽ സരളമരം കൊണ്ടുള്ളതെന്ന് പറയുന്നു. 2 ദിന. 5:13; ആമോ. 6:5 (Hb. Nebal, Gk. Organon) ഇവിടെയൊക്കെ വാദിത്രങ്ങൾ എന്നാണ് തർജ്ജമ. (വാദിത്രം എന്ന പദം ചതുർവ്വിധവാദ്യങ്ങളുടെ പൊതുവായ പേരാണ്.)

**തംബുരു (ഹീബ്രു ഷാലോഷ്. ഗ്രീക്ക് Kumbalon) Harp, Sackbut, Psaltery**

തന്ത്രിയുപകരണം. ഷാലോഷ് എന്നതിന്റെ അർത്ഥമനുസരിച്ചാണെങ്കിൽ മൂന്ന് മൂന്നു കമ്പിയുള്ളത്. ഒരു പക്ഷേ പുരാതന ഈജിപ്തുകാരുടെ പിച്ചളയിലുണ്ടാക്കിയതും ഇളക്കുമ്പോൾ മണിനാദമുണ്ടാകത്തക്കവിധം മൂന്നു കമ്പികൾ ഘടിപ്പിച്ചതുമായ ത്രികോണാകൃതിയിലുള്ള ഒരുപകരണം. (1 ശമു. 18:6.) ചിലപ്പോൾ സിറിയാ യിൽ രൂപപ്പെട്ട എബ്രായരുടെ ത്രികോണാകൃതിയിലുള്ള harp ആയിരിക്കാം. ഇത് നൃത്തക്കാരികൾ ഉപയോഗിച്ചി രുന്നു. ദാനി. 3:5, 7, 10, 15-ൽ പറയുന്നത് ത്രികോണാകൃതിയിൽ നാലു കമ്പികളുള്ള ഉപകരണത്തെപ്പറ്റിയാണ് (സബ്ബെക്കാ: ഹീബ്രു Peranterin: Sackbut, Psaltery). സ്ത്രീശബ്ദത്തിന് അകമ്പടിക്കുള്ള ഉച്ചസ്ഥായിയാണ് അതിനുള്ളത്. ഒരുതരം harp.

മഹലത്ത് എന്ന തന്ത്രിയുപകരണത്തെപ്പറ്റി സങ്കീ. 58, 83 എന്നിവയുടെ ശീർഷകത്തിൽ പറയുന്നു. ഗിറ്റാർ പോലുള്ള ഇതിന് 3 കമ്പികളാണ്.

ഗത്ത് (ഹീബ്രു. ഗത്തീത്) എന്ന ഉച്ചസ്ഥായിയുള്ള ഉപകരണത്തെപ്പറ്റി 8, 81, 84 എന്നീ സങ്കീർത്തനങ്ങ ളുടെ ശീർഷകത്തിൽ (ഗഥ്യരാഗം) കാണുന്നു.

**കാഹളം 1 (ഹീബ്രു ഷോഫാർ. Chatsotrerala, Taqou) Trumpet**

സുഷിരവാദ്യം. ബൈബിളിൽ മിക്കവാറും സൂചിപ്പിക്കുന്നതും യെഹൂദരുടെ സുനഗോഗ് ശുശ്രൂഷകളിൽ ഇന്നും ഉപയോഗിക്കുന്നതുമായ ഏക ഉപകരണം, കൊറ്റനാടിന്റെ പൊള്ളയായ വളഞ്ഞ കൊമ്പിന്റെ (Ram's horn) കുഴൽ (ഷോഫാർ) ആണ്. ആടിന്റെ നീളമുള്ള കൊമ്പ് അറ്റം കടഞ്ഞാണ് ഇത് നിർമ്മിക്കുക. ചെവി തുള ച്ചുകയറുന്ന ഇതിന്റെ നാദത്താൽ ശാബതിന്റെ തുടക്കവും പുതുവർഷാരംഭവും പ്രഘോഷിക്കുന്നതിനു പുറമേ, ആഘോഷാവസരങ്ങളിലും, യുദ്ധത്തിന് യിസ്രായേല്യരെ ആയുധസജ്ജരാക്കുന്നതിനും ഉപയോഗിച്ചു. സംഖ്യ 31:6-ൽ ഗംഭീരനാദകാഹളങ്ങളെപ്പറ്റിയും ലേവ്യ 25:9-ൽ മഹാധ്വനികാഹളത്തെപ്പറ്റിയും പറയുന്നു. (പുറ. 19:13, യോശു. 6:4, 6, 8, 9, 13, 16, 20, ന്യായാ. 3:27, 6:34, 7:18-20, 22, 1 ശമു. 13:3, 2 ശമു. 2:28, 18:16, 20:1, 22; 1 രാജാ. 1:34, 39, 2 രാജാ. 9:13, 11:14; സങ്കീ. 81:3; 47:5; 150:3).

**കാഹളം 2 (ഹീബ്രു. ഹസോസറ. ഗ്രീക്ക് സാൽപിംഗ്ക്സ് Salpigx) Pipe, Horn**

മറ്റൊരു സുഷിരവാദ്യംമായ കുഴൽ. വെള്ളി, സ്വർണ്ണം തുടങ്ങിയ ലോഹങ്ങളിൽ നിർമ്മിതമായ ഇവ ജോ ഡികളായാണ് ഊതിയിരുന്നത്. അങ്ങനെയാണ് ദേവാലയത്തിലെ ബലികളെയും കർമ്മങ്ങളെയും ജനശ്രദ്ധ യിൽ വരുത്തിയിരുന്നത്. ദേവാലയത്തിലേക്ക് ശലോമോൻ പെട്ടകം കൊണ്ടുവന്നപ്പോൾ 120 കാഹളക്കാരാണ് ഊതിയത്. (2 ദിന. 5:12, 13) പാളയത്തിൽ നിന്നുള്ള പുറപ്പാടുകൾക്കും സഭ വിളിച്ചുകൂട്ടുവാനും കാഹളത്തിന്റെ ഗംഭീരധ്വനി ഊതണം. (സംഖ്യ 10:2, 4, 8, 9, 10; 2 രാജാ. 12:13.) സത്യവേദപുസ്തകത്തിൽ കാഹളം എന്ന് പറയു ന്നതെല്ലാം ഒരേയിനമല്ല; വ്യത്യസ്തമായവയാണ്. ഷോഫാർ, ഹാസോസറ ഇവയെ കാഹളം എന്നാണ് ചേർത്തി രിക്കുന്നത്. (മത്താ. 24:31, 1 കൊരി. 14:8, 15:52, 1 തെസ. 4:16, എബ്രാ. 12:19, വെളി. 1:10, 4: 1, 8:2, 6, 13, 9:14.)

അഹറോന്റെ പുത്രന്മാർ ആർത്തു വിളിക്കുകയും *ലോഹനിർമ്മിതമായ കാഹളം* ഊതുകയും ചെയ്തു. അത്യുന്നതൻ തങ്ങളെ സ്മരിക്കുന്നതിനുവേണ്ടി അവർ ഉച്ചഘോഷം മുഴക്കി. ഉടനെ ജനം അത്യുന്നതനായ ദൈവത്തെ, സർവ്വശക്തനായ കർത്താവിനെ, ആരാധിക്കുന്നതിന് സാഷ്ടാംഗം വീണു. *ഗായകർ ദൈവത്തെ ശ്രുതിമധുരമായി സ്തുതിച്ചുപാടി.* (ബാറാസീറാ - പ്രഭാഷകൻ 50:1-20)

**കുഴൽ 1 (ഹീബ്രു. ഊഗാബ്. ഗ്രീക്ക്. കെരാറ്റിനോസ്) Organ, Lute, Flute**

സുഷിരവാദ്യം. 2 ദിന. 15:14; ഇയ്യോ. 21:12; 30:31; സങ്കീ. 150:4 ഇവയിൽ കുഴൽ എന്നാണ് തർജ്ജമ.

**കുഴൽ 2 വേണു (ഹീബ്രു. ഊഗാബ്)**

സുഷിരവാദ്യമായ കുഴൽ ഇനത്തിന് ഉത്പ. 4:21-ൽ മാത്രം വേണു എന്ന് കാണുന്നു.

**കുഴൽ 3 (Flute)**

സുഷിരവാദ്യം. മൂലപദത്തിൽനിന്ന് ശരിയായ രൂപത്തിന്റെ സൂചന കിട്ടുന്നില്ല. Oboe പോലെയുള്ളതാ കാം. ഇതിന്റെ reed-box ആണത്രേ പണപ്പെട്ടിയായി യൂദാ ഉപയോഗിച്ചത്. (യോഹ. 12:6) സത്യവേദപുസ്തക ത്തിൽ പണസഞ്ചി എന്ന് തർജ്ജമ ചെയ്തതിനാൽ പെട്ടിയാണെന്നത് അവ്യക്തമായിപ്പോയി. RSV-യിൽ 1 ശമു. 10:5-ൽ Flute. ഇയ്യോബ് 30:31-ൽ Pipe. രണ്ടിനും കുഴലെന്ന് തർജ്ജമ.

**കുഴൽ 4 (ഹീബ്രു. ഹാലീൽ) Pipe, Flute**

സുഷിരവാദ്യം. രണ്ടു കുഴലുകൾ ചേർന്നത്. (യെശ. 30:29; 1 രാജാ. 1:40; 1 ശമു. 10:5; ഇയ്യോബ് 30:31) യെഹ. 28:13-ലെ നെക്കെബ് (Heb.) സങ്കീ. 5-ലെ ശീർഷകം നെഹിലോത്ത് (For the flutes: വേണുനാദത്തോടെ) എന്നിവ ഈ വിഭാഗത്തിലുള്ളതാണത്രേ.

**തൂര്യനാദം (ഹീബ്രു Qeren, Sistra, Menanaim) Cornet**

സുഷിരവാദ്യം. അതിമന്ദ്രസ്ഥായിയും അതിതാരസ്ഥായിയും പുറപ്പെടുവിക്കുന്നത്. 1 ദിന. 15:28 (തൂര്യധ്വനി); സങ്കീ. 98:6 (തൂര്യനാദം); ഹോശ. 5:8 (തൂര്യം). തൂര്യം എന്നത് യുദ്ധഭേരി മുഴക്കുന്ന വീരവാദ്യമാണ്.

**നാഗസ്വരം (ഹീബ്രു. സൂംഫോന്യാ)**

സുഷിരവാദ്യം. ദാനി. 3:5, 10, 15-ൽ കാണുന്ന നാഗസ്വരം (സൂംഫോന്യാ). ഓർഗൻ പോലെ ഒരു കൂട്ടം കുഴലുകളുള്ളതാണ്. ഇങ്ഗ്ലീഷിൽ flute. ലൂക്കോ. 15:25-ൽ വാദ്യം എന്ന് തർജ്ജമ.

കുഴൽവാദ്യങ്ങളായ trumpet, horn, pipe, lute, flute, bagpipe, trogon, cornet ഇവയ്ക്കും മറ്റും മലയാളത്തിൽ ഏകീകൃതമായ ഭാഷാന്തരമല്ല.

സങ്കീ. 45:8-ലെ കമ്പിനാദം, സങ്കീ. 150:4-ലെ തന്ത്രിനാദം എന്നിവ കൃത്യമായി ഏതുപകരണത്തിന്റേതെന്നറിവില്ല. തന്ത്രിയുപകരണങ്ങളിൽ ഒന്നായ (ഹീബ്രു Men) zithor പോലെയുള്ളതാണ്. (സങ്കീ. 150:4). ഹീബ്രുപദം മിന്നിം എന്നാൽ കമ്പി എന്നാണർത്ഥം. അതിന്റെ ഗ്രീക്കുപദം പ്സാൽമോസ്. പുതിയനിയമത്തിൽ പാട്ട് എന്നാണത് വിവർത്തനം ചെയ്തിരിക്കുന്നത്. (റോമ. 15:9, 1കൊരി. 14:15, 26; എഫെ. 5:19, കൊലൊ. 3:16, യാക്കോ. 5:13.) പഴയനിയമസങ്കീർത്തനത്തെ കുറിക്കുവാൻ ലൂക്കോസും ഈ പദമുപയോഗിച്ചു. (അപ്പൊ.16:25)

സങ്കീ. 47:7-ൽ ചാതുര്യകീർത്തനം എന്നു കാണുന്നത് ഒരു Psalm (Heb. Maskil) ആണ്. പാടിയോ കിന്നരം (Psaltery/ Psalter) വായിച്ചോ സ്തുതിക്കുന്ന അഥവാ വാഴ്ത്തുന്ന (ചാതുര്യ)കീർത്തനം (Zamar) എന്നാണല്ലോ Psalm എന്ന ഗ്രീക്കുപദത്തിന്റെ (psallo) അർത്ഥം.

**താളോപകരണങ്ങൾ**

യിസ്രായേല്യർ താളം പിടിക്കുന്നതിന് ചെണ്ടയും (drums) ഇലത്താളവും (Cymbals), മുഴങ്ങുന്ന ചെമ്പ് (gongs), rattles എന്നിവയും ഉപയോഗിച്ചു.

എബ്രായസ്ത്രീകൾ ഒരു പരന്ന കൈച്ചെണ്ട (Timbrel) കൊട്ടിയിരുന്നു. ഫിലിസ്ത്യരോടുള്ള യുദ്ധാനന്തരം ശൗൽ മടങ്ങി വന്നപ്പോൾ സ്ത്രീകൾ പാടിയും നൃത്തം ചെയ്തും തപ്പും തംബുരുവുമായി വാദ്യഘോഷത്തോടെ ഗാനപ്രതിഗാനമായി (antiphonal) പാടി (1 ശമു. 18:6, 7). (യിസ്രായേല്യരുടെ ആരാധന രണ്ടു രീതിയിൽ ഉണ്ടായിരുന്നു. 1. ആരാധകർ രണ്ടു ഭാഗമായി വാക്യപ്രതിവാക്യരൂപത്തിൽ ഓരോ നിറുത്തുകൾ ഒന്നിടവിട്ട് മാറി മാറി ദ്വൈഗീതാത്മക (Antiphonal) ശൈലിയിൽ ആരാധന നടത്തിയിരുന്നതാണ് ഒരു രീതി. നമ്മുടെ ആരാധനയിൽ കോലോകൾ ചൊല്ലുന്ന തരത്തിലാണത്. 2. നായകന്റെ പ്രാർത്ഥനയ്ക്ക് ജനങ്ങളുടെ പ്രതിവാക്യഭാഗം ആവർത്തിച്ചു ചൊല്ലുന്നതാണ് (Responsorial) രണ്ടാമത്തെ രീതി.)

**കൈത്താളം (ഹീബ്രു Meziltayin, Tselzelim, Kumbalon) Cymbals**

ഇലത്താളം. രണ്ടിനം ഉണ്ടായിരുന്നു. നടുഭാഗം കുഴിഞ്ഞ രണ്ടു ലോഹത്തകിട് (brass) ഇരു കൈകളിലും പിടിച്ച് കൊട്ടുന്നത് ഒരിനം. മറ്റേത് കോപ്പയാകൃതിയുള്ള ഒരു കപ്പ് ഉറപ്പിച്ചിട്ട് അതിന്മേൽ ചെറിയ ഒരു കപ്പു കൊണ്ടു മുട്ടുന്നത്. താമ്രം കൊണ്ടുള്ള കൈത്താളം എന്ന് 1 ദിന. 15:20-ൽ കാണാം. സങ്കീ. 150:5-ലെ ഉച്ചനാദമുള്ള കൈത്താളം, അത്യുച്ചനാദമുള്ള കൈത്താളം (High sounding cymbals) എന്നിവ (ഹീബ്രു Tselastal) രണ്ടു സ്ഥായികളിൽ (Octaves) നിർമ്മിച്ച Cymbals ആണ്. ചിലമ്പുന്ന കൈത്താളം (Kumbalon 1 കൊരി. 13:1) അപശബ്ദമുണ്ടാക്കുന്ന, കേടുള്ള ഒന്നാണ് (1 ദിന. 13:8, 15:16, 16:5, 42, 25:1).

അറിവില്ലായ്മയാൽ കൈകൾ കൊണ്ടു കൊട്ടി താളം പിടിക്കുന്നതാണ് കൈത്താളമെന്ന് ചിലർ വ്യാഖ്യാനിക്കുന്നതിൽ അദ്ഭുതപ്പെടുന്നു. കൈ കൊട്ടുന്നതിനെപ്പറ്റി പറയുന്ന ഭാഗങ്ങളിൽ, ദൈവസന്നിധിയിൽ കൈ കൊട്ടുന്നതിനെക്കുറിച്ച് സങ്കീ. 47:1-ൽ മാത്രവും, പ്രവാഹങ്ങൾ കൈ കൊട്ടുന്നതിനെപ്പറ്റി കാവ്യാത്മകമായി സങ്കീ. 98:8-ലും, പ്രവചിച്ചുകൊണ്ടുള്ളത് യെഹ. 21:14-ലും, അംഗീകാരസൂചകമായി 2 രാജാ. 11:1; യെശ. 55:12 ഭാഗങ്ങളിലും, ആക്ഷേപാവഹേളനങ്ങളായി ഇയ്യോ. 27:23; 34:37; വിലാ. 2:1; യെഹ. 22:13; 25:6; നാഹും 3:19 ഭാഗങ്ങളിലും കാണാമല്ലോ.

**തപ്പ് (ഹീബ്രു Toph/ Topheth) Tambourine, Timbrel, Tabret**

നൃത്തക്കാരികൾ കൈയിൽ പിടിച്ചുകൊണ്ട് കൊട്ടുന്നതും സന്തോഷാവസരങ്ങളിൽ എല്ലായ്പ്പോഴും ഉപയോഗിച്ചിരുന്നതുമായ കൈച്ചെണ്ട. ഇങ്ഗ്ലീഷ് ബൈബിളുകളിലും ഈ ഉപകരണം പല പേരിലാണ് സൂചിപ്പിക്കുന്നത് (Drum, dulcimer or tomtom). Tambourine, Timbrels ഇവയെ തപ്പ് എന്നാണ് സത്യവേദപുസ്തകത്തിൽ കാണുന്നത്. തപ്പ് (Tambourine): പുറ. 15:20; ന്യായാ. 11:34; 2 ശമു. 6:5; 1 ദിന. 13:8; ഇയ്യോ. 21:12. തപ്പ് (Timbrels): 1 ശമു. 10:5; 18:6; സങ്കീ. 68:25; 81:2; 149:3; 150:4. യെശ. 5:12; 24:8; 30:32; യിരെ. 31:4. (ഇയ്യോ. 17:6-ൽ (KJV) തപ്പ് കാണാം.)

**മുരജം (ഹീബ്രു Toph/ കിന്നോർ) Castanets**

ഈജിപ്തുകാരുടെ കിലുക്കം (rattle) പോലെയുള്ളത്. ചിലപ്പോൾ ഒരുമിച്ചു കിണുങ്ങുന്നതിനുള്ള വളയങ്ങൾ കൊണ്ട് നിർമ്മിച്ചതാകാം. 2 ശമു. 6:5-ൽ (മുരജം, Castanets) കാണാം . ഉത്പ. 31:27-ൽ മുരജം (Tabourine) കാണുന്നു. (യഥാർത്ഥത്തിൽ മുരജം എന്നത് മിഴാവ്, മൃദംഗം എന്നിവ പോലെയുള്ള ഒരു ഉപകരണമാണ്.)

**മണി (Bell)**

മിക്കവാറും ലോഹം കൊണ്ടുള്ള തകിടിലോ കോപ്പയിലോ നിർമ്മിച്ചത്. പുറ. 28:34-ലും 39:26-ലും ഏഫോദിന്റെ അങ്കിയിൽ പൊന്നുകൊണ്ടുള്ള മണികൾ തുന്നിച്ചേർക്കുന്നതിനെപ്പറ്റി കാണുന്നു. സെഖ. 14:20-ൽ കുതിര

കളുടെ മണികളിന്മേൽ യഹോവയ്ക്കു വിശുദ്ധമെന്ന് എഴുതിയിരിക്കുമെന്ന് പ്രവചിച്ചിരിക്കുന്നു.

**സംഗീതോപകരണങ്ങൾ നിഷിദ്ധമല്ല**

1. പരിശുദ്ധാത്മാവിൽ പ്രവചിച്ചപ്പോൾ പ്രവാചകർ സംഗീതോപകരണങ്ങൾ ഉപയോഗിച്ചു. (1 ശമു. 10:5; 1 ദിന. 25:1-7)

2. ദാവീദ് ശൗലിന്റെ അശുദ്ധാത്മബാധ ഒഴിവാക്കാൻ സംഗീതോപകരണം വായിച്ചു. (1 ശമു. 16:16-23)

3. ഇയ്യോബ് സംഗീതോപകരണങ്ങൾ (കിന്നരവും കുഴലും) ഉപയോഗിച്ചു. (30:31)

4. ആരാധനയിൽ സംഗീതോപകരണങ്ങൾ ഉപയോഗിക്കുവാൻ കല്പനയുണ്ട് (സങ്കീ. 33:2-3; 81:2-3; 98:5-6; 147:7; 149:3; 150:3-6).

5. ദൈവപുരുഷന്മാർ സംഗീതോപകരണങ്ങൾ ഉപയോഗിക്കുവാൻ (നേർച്ച) നേർന്നു. (സങ്കീ. 43:4; 71:22; 108:1-2)

6. സംഗീതോപകരണങ്ങൾ ഉപയോഗിക്കുവാൻ ദൈവത്തിന്റെ ചട്ടവും പ്രമാണവും കല്പനയും ഉണ്ട് (സങ്കീ. 81:1-4; 2 ദിന. 29:25).

7. സംഗീതോപകരണങ്ങൾ ഉപയോഗിക്കുന്നത് ഉത്തമം. (സങ്കീ. 92:1-2)

8. എല്ലാ യിസ്രായേല്യരും അവ ഉപയോഗിച്ചു; അനുഗൃഹീതരായി (2 ശമു. 6:5-15; 1 ദിന. 13:1-13; 15:16-28; 16:4-9; 2 ദിന. 20:21-29; 30:21; നെഹ. 12:27, 28).

9. സംഗീതോപകരണങ്ങളെ ദൈവമന്ദിരത്തിലെ ഉപകരണങ്ങളോടൊപ്പം കരുതി. (സംഖ്യ 31:6)

10. അവയെ ദിവ്യസംഗീതത്തിനായുള്ള വാദ്യങ്ങളെന്നും (1 ദിന. 16:42) യഹോവയുടെ വാദ്യങ്ങളെന്നും (2 ദിന. 7:6) വിളിച്ചു.

11. പാടുന്നതിനോടൊപ്പം സംഗീതോപകരണങ്ങൾ ഉപയോഗിച്ചപ്പോൾ ദൈവത്തിന്റെ മഹത്ത്വം ഇറങ്ങിവന്നു (2 ദിന. 5:11-14).

12. ദൈവനഗരമായ സീയോനിൽ സംഗീതക്കാരും നൃത്തക്കാരും ഉണ്ടാകുമെന്ന് മുന്നറിയിച്ചിരിക്കുന്നു (സങ്കീ. 87:7).

13. 55 സങ്കീർത്തനങ്ങൾ (4-6, 8-9, 11-14, 18-22, 31, 36, 40-42, 44-47, 49, 51-62, 64-70, 75-77, 80-81, 84-85, 88, 109, 139-140) ആരാധനയിൽ ഉപയോഗിക്കുവാൻ മുഖ്യസംഗീതജ്ഞന് (സംഗീതപ്രമാണിക്ക്) സമർപ്പിച്ചിരിക്കുന്നു.

14. സ്വർഗ്ഗത്തിൽ 24 മൂപ്പന്മാരും 4 ദൂതാത്മാക്കളും വീണ (harps) വായിക്കുന്നു (വെളി. 5:8, 14:2).

15. സ്വർഗ്ഗത്തിൽ മൃഗത്തെ ജയിച്ചവർ (പീഡിതരായ വിശുദ്ധർ) വീണ (harps) വായിക്കും (വെളി. 15:2).

17. പുതിയനിയമം അവയുടെ ഉപയോഗം കല്പിക്കുന്നുണ്ട്. എഫേ. 5:19-ലും കൊലോ. 3:16-ലും ആത്മിക ഗീതങ്ങൾ (സങ്കീർത്തനം, psalms) എന്നതിന്റെ ഗ്രീക്കുപദം psalmos (Hb. Zamar) എന്നാണ്. പാട്ട് എന്നാണ് വിവർത്തനം ചെയ്തിരിക്കുന്നത്. അതൊരു ചിട്ടപ്പെടുത്തിയ സംഗീതശകലമാണ്. വീണയോടോ അല്ലെങ്കിൽ മറ്റൊരു സംഗീതോപകരണത്തോടോ ഒന്നിച്ചുള്ള ഒരു വിശുദ്ധഗീതമാണ്. യാക്കോ. 5:13-ലെ പാട്ടു പാടുക (സങ്കീർത്തനം) എന്നതിന്റെ ഗ്രീക്കുപദം psallo എന്നാണ്. സ്പന്ദിപ്പിക്കുകയോ മീട്ടുകയോ (to twitch or twang) ചെയ്യേണ്ടത്; അഥവാ ഒരു തന്ത്രിവാദ്യത്തിൽ വായിക്കേണ്ടത്. സംഗീതത്തോടും പാട്ടിനോടും കൂടി ആഘോഷിക്കേണ്ട ദിവ്യാരാധനയാണത്. 1 ദിന. 16:9; സങ്കീ. 95:2; 105:2 എന്നീ ഭാഗങ്ങളിലുള്ള എബ്രായപദത്തിന്റെ അർത്ഥവും ഇതു തന്നെയാണ്.

ആദിമസഭാസമൂഹം അപ്പോസ്തലന്മാരുടെ പ്രബോധനത്തിലും സംസർഗ്ഗത്തിലും അപ്പം നുറുക്കലിലും പ്രാർത്ഥനകളിലും സദാ മുഴുകിയിരുന്നു (പ്രവൃ. 2:42). ഗ്രീക്കു മൂലരേഖപ്രകാരം, ഈ പ്രാർത്ഥനകൾ അധികവും യഹൂദാരാധനയിൽ ഉപയോഗിച്ചിരുന്ന സങ്കീർത്തനങ്ങൾ ആ ശൈലിയിൽ തന്നെ ആലപിക്കുന്നതായിരുന്നുവെന്ന് പണ്ഡിതർ അഭിപ്രായപ്പെടുന്നു. അതിൽ സംഗീതോപകരണങ്ങൾ ഉണ്ടായിരിക്കുവാൻ സാദ്ധ്യത വളരെയുണ്ട്.

ആരാധനയിൽ സംഗീതോപകരണങ്ങൾ ഉപയോഗിക്കുവാൻ വേദഭാഗങ്ങളുടെ പിന്തുണയുണ്ട്. മർവഹ്സായും, കയറ്റുപായും, പ്രസംഗപീഠവും, ഫാനും, മൈക്കും, ഇലക്ട്രിക് ബൾബും ലാപ്ടോപ്പും പോലുള്ള മറ്റൊരു സംവിധാനങ്ങൾക്കും അതില്ല. അവ ഉപയോഗിക്കുന്നതിനു കുഴപ്പമില്ലെങ്കിൽ, വേദാടിസ്ഥാനമുള്ള സംഗീതോപകരണങ്ങൾ ആകരുതെന്ന് നിർബ്ബന്ധിക്കേണ്ടതില്ല.

**ആശ്രയിച്ച ഗ്രന്ഥങ്ങൾ**


വിവിധ ബൈബിൾ വിവർത്തനങ്ങൾ.
Dake`s Annoted Reference Bible, Finis Jennings Dake, Georgea.
New Concise Bible Dictionary. Ed. Derek Williams, Inter Varsity Press, England. 1989.
ABC's of the Bible, Reader`s Digest, 1991.
സഭാവിജ്ഞാനകോശം, ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, കോട്ടയം, 1993.
ഡോ. ഡി. ബാബു പോൾ, വേദശബ്ദരത്നാകരം ബൈബിൾ നിഘണ്ടു, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1997.
ബൈബിൾ വിജ്ഞാനകോശം, തിയൊളജിക്കൽ ലിറ്ററേച്ചർ കൗൺസിൽ, സി.എസ്.എസ്. തിരുവല്ല. 2006.


*മലങ്കരസഭ (നവമ്പർ 2014, ഡിസമ്പർ 2014, ജനുവരി 2015) യിൽ പ്രസിദ്ധീകരിച്ചത് പരിഷ്കരിച്ചത്*